LIBRARY ARCHIVES Kerala Legislative Assembly

സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ലിസ്റ്റ്

57 [638] *ശ്രീ. നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കാലാവധി കഴിഞ്ഞ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിരുന്നു;

(ബി) പ്രസ്തുത വകുപ്പിൽ എത്ര സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയുണ്ട്; നേരിട്ടുള്ള നിയമനം എത്ര ശതമാനമാണ്;

(സി) നേരിട്ട് നിയമനം ലഭിച്ച എത്ര പേർ സെക്കന്റ് ഗ്രേഡ് തസ്തികയിൽ നിലവിലുണ്ട്;

(ഡി) നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 223 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 867 തസ്തികയുണ്ട്; 50% ആണ് നേരിട്ടുള്ള നിയമനം.

(സി) 389 പേർ.

(ഡി) 44 ഒഴിവുകൾ നിലവിലുണ്ട്.

നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന റോഡുകളും പാലങ്ങളും

58 [639] *ശ്രീ. സി. മമ്മൂട്ടി:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *ഇസ്ഹാക്ക് കുരിക്കൾ:*
„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് വ്യക്തമാക്കുമോ;

(ബി) ഇതുവരെയായി നബാർഡ് പദ്ധതിപ്രകാരം അനുവദിച്ച പാലങ്ങളും റോഡുകളും എത്ര; അവ ഏതെല്ലാം;

(സി) ഇവയ്ക്കനുവദിച്ച തുക എത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 651.33 ലക്ഷം രൂപ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ബസ് ബേ നിർമ്മാണം

59 [640] *ശ്രീ. കെ. മോഹൻകുമാർ:*
,, *പി. ടി. തോമസ്:*
,, *ജി. കാർത്തികേയൻ:*
,, *എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നിലവിൽ പാളയം മുതൽ ഓവർബ്രിഡ്ജ് വരെ എത്ര ബസ് സ്റ്റോപ്പ് ഉണ്ട്; എവിടെയെല്ലാം;

(ബി) തിരുവനന്തപുരം എം. ജി. റോഡിന്റെ പാളയം മുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗം വീതി കൂട്ടുമ്പോൾ കൂടുതൽ ബസ് സ്റ്റോപ്പുകളോ ബസ് ബേയോ അനുവദിക്കാനുദ്ദേശമുണ്ടോ;

(സി) എവിടെയെല്ലാമാണ് ബസ് ബേയോ ബസ് സ്റ്റോപ്പുകളോ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ ഭാഗങ്ങളിലെ ബസ് ബേ നിർമ്മാണം സംബന്ധിച്ച് എത്ര നിവേദനങ്ങൾ ലഭിച്ചു; ആരിൽ നിന്നെല്ലാം; ബസ് ബേ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) സെക്രട്ടേറിയറ്റിന് മുമ്പിലുള്ള ബസ് സ്റ്റോപ്പുകൾക്ക് പകരം സെക്രട്ടേറിയറ്റിന്റെ പിന്നിലുള്ള സ്റ്റേഡിയത്തോട് ചേർന്നുള്ള റോഡിൽ ബസ് ബേ സ്ഥാപിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) പാളയം മുതൽ ഓവർബ്രിഡ്ജ് വരെ അഞ്ചു ബസ് സ്റ്റോപ്പുകൾ ഉണ്ട്.

1. കോർപ്പറേഷൻ ഓഫീസ്/എൽ. എം. എസ്.
2. പാളയം പബ്ലിക് ലൈബ്രറി
3. യൂണിവേഴ്സിറ്റി കോളേജ്
4. സ്റ്റാച്യു
5. ഓവർബ്രിഡ്ജ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly